## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5052 24.10.2011 -ൽ മറുപടിക്ക്**

### പകർച്ചവ്യാധി നിയന്ത്രണ പ്രവർത്തനങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി.ഗീതാ ഗോപി: | | ശ്രീ.അടൂർ പ്രകാശ്<br>ആരോഗ്യവും കയറും വകുപ്പുമന്ത്രി | |
| (എ) | പകർച്ചവ്യാധി നിയന്ത്രണത്തിനുള്ള ജില്ലയിലെ ചുമതല ജില്ലാ മെഡിക്കൽ ഓഫീസർക്കാണെങ്കിലും കോർപ്പറേഷനുകളിലെയും മുനിസിപ്പാലിറ്റികളിലെയും ആരോഗ്യ വിഭാഗം ഉദ്യോഗസ്ഥർ ഡി.എം.ഒ.യുടെ നിയന്ത്രണത്തിൽ വരുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (എ) | ഉണ്ട്. കോർപ്പറേഷൻ, മുനിസിപ്പാലിറ്റികളിലെ ആരോഗ്യ വിഭാഗം ഉദ്യോഗസ്ഥരുടെ ചുമതല അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. |
| (ബി) | ഇതുമൂലം ജില്ലകളിൽ പകർച്ചവ്യാധി നിയന്ത്രണത്തിനുള്ള പ്രവർത്തനങ്ങൾ കാര്യക്ഷമമാകുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാനത്ത് പകർച്ചാവ്യാധി നിയന്ത്രണത്തിനായി എല്ലാ ജില്ലകളിലും ഊർജ്ജിതമായ നിയന്ത്രണ പ്രവർത്തനങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും , കോർപ്പറേഷൻ, മുനിസിപ്പാലിറ്റി എന്നിവിടങ്ങളിലെ ആരോഗ്യ വിഭാഗം |

| | | | |
|---|---|---|---|
| | | | ജീവനക്കാരുടെയും, ഇതര വകുപ്പുകളുടെയും , പൊതുജനങ്ങളുടെയും സഹകരണത്തോടെ നടത്തിവരുന്നുണ്ട്. ഇതിനായി ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ഇന്റർ സെക്ടറൽ കോ-ഓർഡിനേഷൻ സമിതികൾ എല്ലായിടത്തും നിലവിലുണ്ട്. ഈ സമിതികൾ കാലാകാലങ്ങളിൽ കൂടുകയും പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തുകയും ആവശ്യമായ നടപടികൾ എടുക്കുകയും നടപ്പിലാക്കുകയും ചെയ്യുന്നുണ്ട്. |
| (സി) | എങ്കിൽ ഇത് പരിഹരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ? | (സി) | ബാധകമല്ല. |